**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2239** **30-07-2021 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷനും തദ്ദേശസ്ഥാപനങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണമേഖലയിലെ കുടിവെള്ളപദ്ധതിയായ ജലജീവൻ മിഷനുമായി കരാറിലേർപ്പെടുന്നതിന് തദ്ദേശസ്ഥാപനങ്ങൾ വിമുഖത കാണിക്കുന്ന സാഹചര്യം നിലവിലുണ്ടോ; | (എ) | ജലജീവൻ മിഷനുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള വിമുഖത ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ ചില പഞ്ചായത്തുകൾ കൂടുതൽ സംശയനിവാരണം ആവശ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി കണക്ഷനുകൾ നൽകുമ്പോഴുള്ള വിഹിതം ഉൾപ്പെടെ എന്തൊക്കെ അടിസ്ഥാനസൗകര്യങ്ങളാണ് തദ്ദേശസ്ഥാപനങ്ങൾ ചെയ്തുനൽകേണ്ടി വരുന്നത്; | (ബി) | ജല ജീവൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്കാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കുള്ളിലെ കുടിവെള്ള വിതരണവും മറ്റു കാര്യങ്ങളും ഗ്രാമ ജല ശുചിത്വ കമ്മറ്റിയുടെ നേതൃത്വത്തിലായിരിക്കും നടത്തുന്നത്. പദ്ധതിയുടെ നിർവഹണത്തിൽ ഓരോ പദ്ധതിക്കും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. ഇതിനുപുറമെ സംസ്ഥാനത്ത് പദ്ധതി ചെലവിന്റെ 15% ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് വഹിക്കേണ്ടതാണ്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ആവശ്യമായ സ്ഥലലഭ്യത ഉറപ്പാക്കുക, ജന പങ്കാളിത്തം ഉറപ്പാക്കുക, പദ്ധതി നിർവഹണത്തിൽ പ്രാദേശികമായി നേരിടേണ്ടി വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുക തുടങ്ങിയവയും ബന്ധപ്പെട്ട പഞ്ചായത്തുകളുടെ ഉത്തരവാദിത്വമാണ്. |
| (സി) | ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ ഉപഭോക്താക്കളിൽ നിന്ന് വെള്ളക്കരം പിരിക്കേണ്ട ചുമതല തദ്ദേശസ്ഥാപനങ്ങളിൽ വന്നുചേരുന്ന സാഹചര്യം നിലവിലുണ്ടോ; | (സി) | ജല ജീവൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കുള്ളിലെ കുടിവെള്ള വിതരണവും തുടർപരിപാലനവും, വാട്ടർ ചാർജ് കളക്ഷനും ഗ്രാമപഞ്ചായത്ത് ജല ശുചിത്വകമ്മറ്റിയുടെ നേതൃത്വത്തിലായിരിക്കണം നടത്തേണ്ടത്. പദ്ധതികളുടെ തുടർ പരിപാലനവുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖ പ്രകാരം |

| | | | |
|---|---|---|---|
| | | | കേരള വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും ഒപ്പ് വയ്ക്കുന്ന കരാറിൽ അന്തിമ തീരുമാനം ആയിട്ടില്ല. |
| (ഡി) | കൂടാതെ ജലവിതരണം, പരിപാലനം, അറ്റകുറ്റപ്പണികൾ എന്നിവ തദ്ദേശസ്ഥാപനങ്ങളുടെ ചുമതലയിലായിരിക്കുമോ നടപ്പാക്കുക എന്നറിയിക്കാമോ; | (ഡി) | ജല ജീവൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കുള്ളിലെ കുടിവെള്ള വിതരണവും തുടർപരിപാലനവും, വാട്ടർ ചാർജ് കളക്ഷനും ഗ്രാമപഞ്ചായത്ത് ജല ശുചിത്വകമ്മറ്റിയുടെ നേതൃത്വത്തിലായിരിക്കണം നടത്തേണ്ടത്. പദ്ധതികളുടെ തുടർ പരിപാലനവുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖ പ്രകാരം കേരള വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും ഒപ്പ് വയ്ക്കുന്ന കരാറിൽ അന്തിമ തീരുമാനം ആയിട്ടില്ല. |
| (ഇ) | പദ്ധതി നടത്തിപ്പ് സംബന്ധിച്ച തദ്ദേശസ്ഥാപനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (ഇ) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി, പദ്ധതിയുടെ മിഷൻ ഡയറക്ടർ ആയ കേരള വാട്ടർ അതോറിറ്റി മാനേജിങ്ങ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറുമായി ചർച്ചകൾ നടത്തുകയുണ്ടായി. പദ്ധതിയുടെ മാർഗ്ഗരേഖ ഉൾപ്പെടുത്തിയ കൈപുസ്തകം എല്ലാ പഞ്ചായത്തുകളിലും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ജനപ്രതിനിധികളുടെയും ഉദ്യോഗ സ്ഥരുടെയും ആശങ്കകൾ പരിഹരിക്കുന്നതിനായി, പഞ്ചായത്ത് ജന പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും, പദ്ധതിയെ പറ്റിയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് വിവിധ പരിശീലന പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ വാട്ടർ അതോറിറ്റി ട്രെയിനിങ്ങ് സെന്റർ, ജലനിധി, കില തുടങ്ങിയ സ്ഥാപനങ്ങൾ വഴി തുടർന്നും നടത്തി വരുന്നു. കൂടാതെ പദ്ധതി നിർവ്വഹണത്തിൽ തദ്ദേശ സ്ഥാപനങ്ങളെ സഹായിക്കുവാനായി നിർവ്വഹണ സഹായ ഏജൻസികളെയും തിരഞ്ഞെടുത്ത് നിയമിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ